**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1957** **02-02-2024 - ൽ മറുപടിയ്ക്ക്**

**അങ്കമാലി കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ ശോചനീയാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് ഡിപ്പോയുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകിയിട്ടും നാളിതുവരെയായി പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ പുനരുദ്ധാരണ പ്രവൃത്തികൾ കെ.എസ്. ആർ.ടി.സി.യുടെ PMC ആയ M/s. KRDCLമുഖേന പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി 16/02/2023-ൽ 4,34,32,197/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് 10.03.2023 തീയതിയായി പ്രസിദ്ധീകരിച്ച് ടെണ്ടർ നടപടി പൂർത്തികരിച്ച് L1 അനുമതി നൽകിയെങ്കിലും കരാറുകാരന് ടി പ്രവൃത്തി നിർവഹിക്കുന്നതിന് താൽപര്യം ഇല്ലായെന്ന് അറിയിച്ചതിനെ തുടർന്ന് M/s. KRDCL മുഖേന പുനർദർഘാസ് നടത്തുകയുണ്ടായി., 06.09.2023 ൽ പുറപ്പെടുവിച്ച പുനർ ദർഘാസിന് കരാറുകാരിൽ നിന്ന് പ്രതികരണങ്ങൾ ലഭിക്കാത്തതു കാരണം 09.12.2023 തീയതിയിൽ വീണ്ടും ദർഘാസ് ക്ഷണിക്കുകയും അവസാന തീയതിയായ 11.01.2024 ൽ Single Bid ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് തന്നെ ഏറ്റവും പ്രധാനപ്പെട്ട ഡിപ്പോകളിൽ ഒന്നായ അങ്കമാലി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ വന്ന് പോകുന്ന ബസ് ഡ്രൈവർമാരും, യാത്രക്കാരും, നാട്ടുകാരും അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഡിപ്പോയിലെ യാർഡ്, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തിക്കാണ് ദർഘാസ് ക്ഷണിച്ചിട്ടുള്ളത്. നിർമാണം പൂർത്തിയാകുന്ന മുറയ്ക്ക് പ്രശ്ന പരിഹാരം ഉണ്ടാകുന്നതാണ്. |
| (സി) | ഡിപ്പോയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ട് ഇപ്പോൾ എത്രമാസം പിന്നിട്ടുവെന്ന് വ്യക്തമാക്കാമോ; | (സി) | ഭരണാനുമതി നൽകി 11 മാസം പിന്നിട്ടിട്ടുണ്ട്. |
| (ഡി) | ടെണ്ടർ ഇട്ടിട്ടും ആരും തന്നെ ടെണ്ടർ നൽകിയില്ല എന്നതാണ് കാരണമെങ്കിൽ ആയത് പരിശോധിക്കുവാനും എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ എന്തെങ്കിലും തരത്തിലുള്ള അപാകതകൾ | (ഡി) | പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | ഉണ്ടെങ്കിൽ ഇവയെല്ലാം പരിശോധിച്ച് പരിഹാരം കാണുന്നതിനും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുവാനും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട എല്ലാവരുടേയും ഒരു യോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | | |
| (ഇ) | പ്രസ്തുത വിഷയത്തിൽ വകുപ്പ് മന്ത്രിക്ക് 04.01.2024-ൽ സ്ഥലം എം.എൽ.എ നൽകിയ കത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ഇ) | കത്ത്, കെ.എസ്, ആർ.ടി.സി. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തുടർ നടപടി കെ.എസ്.ആർ.ടി.സി.യിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ